പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6475 — 09.07.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതോപഭോഗം കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈദ്യുതോപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ ; | (എ) | വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി പൊതുജനങ്ങളുടെ വിശേഷിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടി ലാഭപ്രഭ 2014 (സീസൺ - 2) എന്ന പദ്ധതി നടപ്പിലാക്കി. 2014 മാർച്ച് ഒന്നു മുതൽ മെയ് 31 വരെയാണ് ലാഭപ്രഭ 2014 (സീസൺ-2) ന്റെ പദ്ധതി കാലയളവ്. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന സമ്മാന പദ്ധതി ചുവടെ ചേർക്കുന്നു.<br><br>1. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനമായി ഓരോ സി.എഫ്. ലാമ്പ്.<br>2. പദ്ധതിയിൽ പങ്കാളികളായി തങ്ങളുടെ ശരാശരി ഉപഭോഗത്തേക്കാൾ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ആദ്യത്തെ 5,000 പേർക്ക് ഓരോ സൗരോർജ്ജ റാന്തലും, പിന്നീടുള്ള 50,000 പേർക്ക് ഓരോ സി.എഫ്. ലാമ്പും.<br>3. ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവരുടെ വീടുകളിലെ വൈദ്യുതി ഉപഭോഗം 20 ശതമാനമെങ്കിലും കുറപ്പിക്കുകയും അതുവഴി ഏറ്റവും കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും ചെയ്യുന്ന, ഓരോ റവന്യൂ ജില്ലയിലേയും ആദ്യത്തെ പത്ത് സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന (grid tied) അഞ്ച് കിലോ വാട്ടിന്റെ സൗരോർജ്ജ പ്ലാൻറ്. 20 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വഹിക്കും. സമ്മാനാർഹരാകുന്ന സ്കൂളുകളിലെ ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പ്രോത്സാഹനമായി ഓരോ സൌരോർജ്ജ റാന്തലും ബഹുമതി പത്രവും |

നൽകും.

ലാഭപ്രഭ 2014 (സീസൺ-2) പദ്ധതിയിൽ 1,93,000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ നൽകാനുള്ള നടപടി പുരോഗമിക്കുന്നു. പദ്ധതി പ്രകാരം സമ്മാനാർഹരെ നിശ്ചയിക്കുന്നതിന് വൈദ്യുതി ഉപഭോഗത്തിലുണ്ടായ വ്യത്യാസം കണക്കാക്കുന്നത് 2 വൈദ്യുതി ബില്ലുകളിലെ ഉപഭോഗത്തിലുണ്ടായ കുറവ് പരിഗണിച്ചാണ്. പുതിയ അദ്ധ്യയന വർഷം തുടങ്ങിയ ശേഷം രണ്ടാമത്തെ വൈദ്യുതി ബില്ലിന്റെ കോപ്പിയും പദ്ധതിയിൽ പങ്കാളിയായ കുട്ടികളുടെ വിവരങ്ങളും അതാത് സ്കൂളുകളിൽ നിന്ന് ലഭിച്ച ശേഷം മാത്രമെ സമ്മാനാർഹരെ കണ്ടെത്താൻ കഴിയൂ.

സംസ്ഥാനം നേരിടുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട്, ഊർജ്ജക്ഷമത ഉറപ്പ് വരുത്തുന്നതിനും കാര്യക്ഷമതയോടുകൂടി വൈദ്യുതി ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും, വൈദ്യുതി ശൃംഖലയിലെ വൈദ്യുതി നഷ്ടം പരമാവധി കുറയ്ക്കുന്നതിനും, മെച്ചപ്പെട്ട വൈദ്യുതി തടസ്സം കൂടാതെ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി കെ.എസ്.ഇ.ബി-യിൽ Energy Savings Co-ordination Team (ESCOT) എന്ന ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ മേഖലയിലുള്ള ഉപഭോക്താക്കളിൽ 'എനർജി ആഡിറ്റ് ' നടത്തി, ഊർജ്ജ ഉപയോഗം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ ESCOT ഏർപ്പെടുന്നു. അതുപോലെ, വൈദ്യുതി ശൃംഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനു വേണ്ടിയുള്ള വിവിധ പഠനങ്ങളിലും ഈ വിഭാഗം ഏർപ്പെടുന്നുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത നടപടികൾ എത്രമാത്രം ഫലപ്രദമാണെന്ന് വിശദീകരിക്കുമോ ? | (ബി) 2013 മാർച്ച് 23-ന് തുടക്കം കുറിച്ച ലാഭപ്രഭ 2013 (സീസൺ-1) പദ്ധതിയിൽ പങ്കാളികളായ 1,39,101 (ഒരു ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി ഒരുന്നൂറ്റി ഒന്ന്) ഉപഭോക്താക്കളിൽ 27,385 പേർ തങ്ങളുടെ ഉപഭോഗത്തിൽ സാരമായ കുറവ് വരുത്തുകയും 20,654 പേർ ഉപഭോഗം വർദ്ധിക്കാതെ പിടിച്ച് നിർത്തുകയും ചെയ്തു. 2013 മാർച്ച് 23-ന് ആരംഭിച്ച് മെയ് 31-ന് അവസാനിച്ച ലാഭപ്രഭ കാമ്പയിൻ പീരിയഡിൽ ആകെ 13,98,750 (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി എഴുന്നൂറ്റി അമ്പത്) |

യൂണിറ്റിന്റെ കുറവ് രേഖപ്പെടുത്തി. 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ-ലോഡ്ഷെഡ്ഡിംഗ് കാമ്പയിനിൽ പത്തു ഫീഡറുകളിൽ നിന്ന് മാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭവും രേഖപ്പെടുത്തി. മൊത്തം ലാഭം : ഉദ്ദേശം 22,80,750 (ഇരുപത്തി രണ്ട് ലക്ഷത്തി എൺപതിനായിരത്തി എഴുനൂറ്റി അമ്പത്) യൂണിറ്റ്. ലാഭപ്രഭ പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരിൽ 27,381 (ഇരുപത്തി ഏഴായിരത്തി മുന്നൂറ്റി എൺപത്തിയൊന്ന്) പേർ ഫെബ്രുവരി-മാർച്ച് മാസങ്ങളെ അപേക്ഷിച്ച് ഏപ്രിൽ-മെയ് മാസങ്ങളിൽ ഉപഭോഗത്തിൽ കുറവ് രേഖപ്പെടുത്തി.

ഫെബ്രുവരി-മാർച്ച് മാസത്തെ ഉപഭോഗം : 101864.37 യൂണിറ്റ്

ഏപ്രിൽ-മെയ് മാസത്തെ ഉപഭോഗം : 81592.6 യൂണിറ്റ്

നോ-ലോഡ്ഷെഡ്ഡിംഗ് കാമ്പയിൻ, ലാഭപ്രഭ എന്നീ പദ്ധതികൾമൂലം ഉപഭോഗം 20 ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013 മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ, 2013 മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.185 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. ഉപഭോഗത്തിലുണ്ടായ ഗണ്യമായ കുറവ് ലാഭപ്രഭയ്ക്ക് ഉപഭോക്താക്കളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചത് എന്നതിന്റെ തെളിവാണ്. ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടി എന്ന നിലയിൽ ലാഭപ്രഭയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കുകയും ഇതുവഴിയുണ്ടാവുന്ന ലാഭം ഉപഭോക്താവുമായി പങ്കു വെക്കുകയുമായിരുന്നു ലക്ഷ്യം. സംസ്ഥാനത്തെ ആദ്യത്തെ വൈദ്യുതി ഉപഭോഗ സാക്ഷരതാ പരിപാടി എന്ന നിലയിൽ കൂടിയാണ് ലാഭപ്രഭ നടപ്പാക്കിയത്. ഈ പദ്ധതിയുടെ സന്ദേശം എല്ലാവരിലും എത്തിയെന്നതുതന്നെ ഇതിന്റെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. ESCOT - ന്റെ പ്രവർത്തനങ്ങളിലൂടെ ഊർജ്ജ ഉപഭോഗം പരമാവധി കുറയ്ക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.